"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - ഭൂരഹിത ഭവനരഹിതരുടെ പുനരധിവാസത്തിനായി കെ.ചിറ്റിലപ്പിള്ളി ഫൗണ്ടേഷനുമായി ചേർന്ന് "ലൈഫ് - ചിറ്റിലപ്പിള്ളി ഭവന പദ്ധതി രണ്ടാം ഘട്ടം" നടപ്പിലാക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ(ഡിഇ) വകുപ്പ്**

സ.ഉ.(സാധാ) നം.1284/2024/LSGD തീയതി,തിരുവനന്തപുരം, 17-07-2024

---

പരാമർശം:- 1. സ.ഉ(സാധാ) നം.2286/2021/തസ്വഭവ തീയതി 16/11/2021

2. ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 13/06/2024 ലെ എൽ.എം5/2195/2021/ലൈഫ് നമ്പർ കത്ത്

**ഉത്തരവ്**

ലൈഫ് ഭൂരഹിത ഭവനരഹിതരുടെ പുനരധിവാസത്തിനായി കെ . ചിറ്റിലപ്പിള്ളി ഫൗണ്ടേഷനുമായി ചേർന്ന് "ലൈഫ് മിഷൻ - ചിറ്റിലപ്പിള്ളി ഭവന പദ്ധതി വിജയകരമായി നടപ്പിലാക്കി വരുന്നു. ലൈഫ് ഭൂരഹിത ഭവനരഹിത ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള ഒരു ഗുണഭോക്താവിന് 2.50 ലക്ഷം രൂപ നിരക്കിൽ 1000 കുടുംബങ്ങൾക്ക് ഭൂമി വാങ്ങുന്നതിന് 25 കോടി രൂപ ധനസഹായം നൽകുന്നതിന് കെ.ചിറ്റിലപ്പിള്ളി ഫൗണ്ടേഷൻ താൽപര്യം അറിയിക്കുകയും , ലൈഫ് മിഷനും ചിറ്റിലപ്പിള്ളി ഫൗണ്ടേഷനുമായി ചേർന്ന് പരാമർശം (1) പ്രകാരം ധാരണാപത്രം ഒപ്പു വച്ച് എറണാകുളം ആലപ്പുഴ, കാസറഗോഡ് ജില്ലകളിലായി യഥാക്രമം 265, 660, 75 കുടുംബങ്ങളും ഉൾപ്പെടെ ആകെ 1000 കുടുംബങ്ങൾക്ക് ചിറ്റിലപ്പിള്ളി ഫൗണ്ടേഷൻ സമയബന്ധിതമായി ഭൂമി ലഭ്യമാക്കുന്നതിന് ധനസഹായം അനുവദിക്കുകയും ചെയ്തിരുന്നു.

2.പദ്ധതിയുടെ സമയബന്ധിതവും കാര്യക്ഷമവുമായ പൂർത്തീകരണത്തെത്തുടർന്ന് 1000 ലൈഫ് ഗുണഭോക്താക്കൾക്കുകൂടി ഭൂമി ലഭ്യമാക്കുന്നതിനുള്ള പദ്ധതി നിബന്ധനകൾക്ക് വിധേയമായി ഏറ്റെടുക്കുന്നതാണെന്ന് കെ.ചിറ്റില്ലപ്പിള്ളി ഫൗണ്ടേഷൻ സന്നദ്ധത അറിയിച്ചതിനെ

തുടർന്ന് പദ്ധതി നടപ്പിലാക്കുന്നതിനാവശ്യമായ സർക്കാർ അനുമതി ലഭ്യമാക്കണമെന്ന് പരാമർശം (2) പ്രകാരം ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ അഭ്യർത്ഥിച്ചിരുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ലൈഫ് മിഷൻ - ചിറ്റിലപ്പിള്ളി ഭവന പദ്ധതിയുടെ വിജയകരമായ പൂർത്തീകരണവും, പദ്ധതിയുടെ ഉദ്ദേശലക്ഷ്യവും കണക്കിലെടുത്ത് ലൈഫ് ഭൂരഹിത ഭവനരഹിതരുടെ പുനരധിവാസത്തിനായി കെ . ചിറ്റിലപ്പിള്ളി ഫൗണ്ടേഷനുമായി ചേർന്ന് നടപ്പിലാക്കുന്ന " ലൈഫ് മിഷൻ - ചിറ്റിലപ്പിള്ളി ഭവന പദ്ധതി രണ്ടാം ഘട്ടം " നടപ്പിലാക്കുന്നതിന് താഴെ പറയുന്ന നിബന്ധനകൾക്ക് വിധേയമായി അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

i. പദ്ധതിയുടെ കാലയളവ് 18 മാസമായിരിക്കും.

ii.സംസ്ഥാന സർക്കാരിന്റെ അതിദരിദ്ര വിഭാഗത്തിൽ ഉൾപ്പെട്ടവർക്കായിരിക്കും രണ്ടാംഘട്ടത്തിൽ പരിഗണന നൽകുന്നത്.

iii. നിലവിലുള്ള എറണാകുളം ആലപ്പുഴ, കാസറഗോഡ് ജില്ലകൾക്ക് പുറമെ അതിദരിദ്ര ഭൂരഹിതരുടെ എണ്ണത്തിന് ആനുപാതികമായി മറ്റ് ജില്ലകളേയും പദ്ധതിയിലേക്ക് പരിഗണിക്കുന്നതാണ്.

iv. ലൈഫ് മിഷൻ ചിറ്റിലപ്പിള്ളി ഭവന പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ ഭൂമി ലഭ്യമാക്കുന്നതിനായി രേഖകൾ ശേഖരിച്ചിട്ടും ആയത് ലഭ്യമാക്കുന്നതിന് സാധിക്കാതിരുന്ന എറണാകുളം, ആലപ്പുഴ, കാസറഗോഡ് എന്നീ ജില്ലകളിലെ ലൈഫ് ഭൂരഹിത ഭവനരഹിത ഗുണഭോക്താക്കളെയും ഈ പദ്ധതിയിൽ പരിഗണിക്കുന്നതാണ്.

v. പദ്ധതി സമയപരിധിയുടെ മൂന്ന് മാസത്തിന് മുമ്പ് ഗുണഭോക്താക്കളെ കണ്ടെത്തി കാലയളവിൽത്തന്നെ ഭൂമി കൈമാറ്റം നടത്തേണ്ടതാണ്.

vi. ഈ പദ്ധതിയിൽ ഭൂമി ലഭ്യമാകുന്നവർ ആറ് മാസത്തിനകം വീട് പണി ആരംഭിക്കേണ്ടതാണ്.

vii. ലൈഫ് മിഷൻ - ചിറ്റിലപ്പിള്ളി ഭവന പദ്ധതി രണ്ടാം ഘട്ടം സംബന്ധിച്ച ധാരണാപത്രം

സർക്കാർ അംഗീകാരത്തോടെ ലൈഫ് മിഷനും ചിറ്റിലപ്പിള്ളി ഫൗണ്ടേഷനുമായി ചേർന്ന് ഒപ്പു വയ്ക്കേണ്ടതാണ്.

viii. ഭൂമി ലഭ്യമാകുന്ന മുറയ്ക്ക് ഭൂരഹിതരുടെ ലിസ്റ്റിൽ ഇതുപ്രകാരം വേണ്ട മാറ്റങ്ങൾ വരുത്തുന്നതിനുള്ള നടപടി ലൈഫ് മിഷൻ സി ഇ ഓ സ്വീകരിക്കേണ്ടതാണ്

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

അനുപമ ടി വി

സ്പെഷ്യൽ സെക്രട്ടറി

കോ -ഓഡിനേറ്റർ, നവകേരളം കർമ്മപദ്ധതി,ബി.എസ്.എൻ.എൽ ഭവൻ, ഉപ്പളം റോഡ്, സ്റ്റാച്ചു, തിരുവനന്തപുരം

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ് തിരുവനന്തപുരം

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ, തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് തിരുവനന്തപുരം

സ്റ്റേറ്റ് പെർഫോമൻസ്ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ& ഇ)/ഓഡിറ്റ്), തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

ഇൻഫർമേഷൻ ഓഫീസർ, വെബ്&ന്യൂ മീഡിയ, ഐ&പി.ആർ.ഡി, തിരുവനന്തപുരം

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Sheeba. S. C
Date: 17-07-2024 17:05:59

സെക്ഷൻ ഓഫീസർ